**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 989** **06-10-2021 - ൽ മറുപടിയ്ക്ക്**

**എൻ. ഒ.സി ലഭ്യമാകാതെ കാലതാമസം നേരിടുന്ന പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. സുമോദ് | | **Shri Roshy Augustine**<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | സർക്കാർ വകുപ്പുകൾ സർക്കാരിനായി ഏറ്റെടുക്കുന്ന നിർമ്മാണ പ്രവൃത്തികൾക്ക് ഇറിഗേഷൻ വകുപ്പിന്റെ എൻ. ഒ.സി ആവശ്യമായി വരുന്ന വേളയിൽ ആയതിനായി സമർപ്പിക്കുന്ന ഫോം 3എ യിൽ ടി സർക്കാർ വകുപ്പിലെ ജീവനക്കാരന്റെ സ്വകാര്യ വിവരങ്ങൾ ആവശ്യപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. നിർമ്മാണപ്രവർത്തനങ്ങൾക്ക് പ്രധാനമായും അപേക്ഷ ലഭ്യമാകുന്നത് സ്വകാര്യ വ്യക്തികളിൽ നിന്നാണ്. പ്രസ്തുത അപേക്ഷകളിൽ അപേക്ഷകന്റെ വിവരം ആവശ്യപ്പെടാറുണ്ട്. എന്നാൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, മറ്റ് വകുപ്പുകൾ എന്നിവിടങ്ങളിൽ നിന്നും ലഭിക്കുന്ന അപേക്ഷകളിൽ സ്വകാര്യ വിവരങ്ങൾ വേണമെന്ന് നിഷ്കർഷിക്കാറില്ല. പകരം ഔദ്യോഗിക മേൽവിലാസത്തിലുള്ള അപേക്ഷ ആവശ്യമായ രേഖകൾ സഹിതം സ്വീകരിച്ച് തുടർ നടപടി സ്വീകരിച്ച് എൻ.ഒ.സി. നൽകാറുണ്ട്. |
| (ബി) | ടി ഫോമിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ വ്യക്തിഗത വിവരങ്ങൾ നൽകാത്തതുമൂലം എൻ. ഒ.സി ലഭ്യമാകാതെ പദ്ധതികൾ പൂർത്തീകരിക്കാൻ കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല |

സെക്ഷൻ ഓഫീസർ